നമ്പർ : ICPS 2/15521/2016 (1)

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 13/07/2016

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ജെ.ജെ സ്ഥാപനങ്ങളിൽ സൈക്കോളജിസ്റ്റിൻെറ സേവനം ലഭ്യമാക്കുന്നതിന് - പാനൽ തയ്യാറാക്കുന്നതു സംബന്ധിച്ച്.

സൂചന : (1) XIII-മത് വിഷയനിർണ്ണയസമിതിയുടെ ശുപാർശ.
(2) 09.06.2016-ൽ ചേർന്ന ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 7,

സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികളുടെ ആരോഗ്യപരിപാലനം, ശുചിത്വപരിപാലനം, മാനസിക പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് ചികിൽസ എന്നിവയ്ക്കായി മെഡിക്കൽ ഓഫീസർ, സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം ഉറപ്പാക്കേണ്ടതുണ്ടെന്ന് സൂചന ഒന്ന് പ്രകാരം XIII-മത് വിഷയനിർണ്ണയസമിതി ശുപാർശ ചെയ്യുന്നു. സൂചന രണ്ട് പ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിൽ പ്രസ്തുത പ്രൊപ്പോസൽ അനുമതിയ്ക്കായി സമർപ്പിച്ചു. ആയതിൻെറ അടിസ്ഥാനത്തിൽ ജെ.ജെ സ്ഥാപനങ്ങളിൽ സൈക്കോളജിസ്റ്റിൻെറ സേവനം ലഭ്യമാക്കുന്നതിനു വേണ്ടി സൈക്കോളജിസ്റ്റുമാരുടെ ഒരു പാനൽ തയ്യാറാക്കുന്നതിന് ജെ.ജെ സ്ഥാപന സൂപ്രണ്ടുമാരെ ചുമതലപ്പെടുത്തുന്നതിന് യോഗം അനുമതി നൽകി. ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർ അതാത് പ്രദേശത്തെ പരിചയസമ്പന്നരും, വിദഗ്ധരും, നിശ്ചിത യോഗ്യത ഉള്ളവരുമായ സൈക്കോളജിസ്റ്റുമാരുടെ ഒരു പാനൽ തയ്യാറാക്കി മാനേജ്മെൻറ് കമ്മിറ്റിയുടെ ശുപാർശയോടെ സാമൂഹ്യ നീതി ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

സ്ഥാപനങ്ങളിലെ കുട്ടികൾക്ക് സൈക്കോളജിസ്റ്റിൻെറ സേവനം ആവശ്യമായി വരുമ്പോൾ മേൽപറഞ്ഞ പ്രകാരം തയ്യാറാക്കപ്പെട്ട സൈക്കോളജിസ്റ്റിൻെറ പാനലിൽ നിന്നും ഒരാളെ നിയോഗിച്ച് സൈക്കോളജിക്കൽ അസസ്മെൻറ് നടത്തേണ്ടതും, മറ്റ് പിൻതുണ സേവനങ്ങൾ നൽകേണ്ടതുമാണ്. സൈക്കോളജിസ്റ്റിൻെറ സേവനം വിനിയോഗിക്കുമ്പോൾ ഒരു സെഷന് ഒരു കുട്ടിയ്ക്ക് പരമാവധി 500/-രൂപ (അഞ്ചൂറു രൂപ മാത്രം) വരെ ചെലവഴിക്കാവുന്നതാണ്. ആയതിനുള്ള ഫണ്ട് ഐ.സി.പി.എസ്-ൽ നിന്നും അനുവദിക്കുന്നതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും.